# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2056

06/02/2019-ൽ മറുപടി
നൽകേണ്ടത്

### *കോട്ടയം - വൈക്കം കനാലിന്റെ നിലവാരമുയർത്തുന്നതിനുള്ള പദ്ധതി*

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. സി. കെ. ആശ | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |

**(എ)** ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ കോട്ടയം - വൈക്കം കനാൽ (എൻ. ഡബ്ല്യൂ. 59) ജലഗതാഗതത്തിന് അനുയോജ്യമായി വികസിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

**(ബി)** ഈ കനാലിന്റെ നിലവാരമുയർത്തുന്ന പദ്ധതിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കേന്ദ്ര - സംസ്ഥാന ഫണ്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ?

**(എ) & (ബി)** ദേശീയ ജലപാതയായി 2016-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോട്ടയം ജില്ലയിലെ കോട്ടയം - വൈക്കം (എൻ. ഡബ്ല്യൂ 59) കനാലിന്റെ വികസനം കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) -യാണ് നടപ്പിലാക്കുന്നത്. ദേശീയ ജലപാതയുടെ പ്രവർത്തനം പൂർണ്ണമായും കേന്ദ്രഫണ്ട് ഉപയോഗിച്ചാണ് നടത്തുന്നത്. ടി കനാൽ വികസനത്തിനായുള്ള പദ്ധതി രൂപരേഖ (DPR) ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)-യിൽ തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**